# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1555 — 22.03.2013-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.എം.എ.ബേബി<br>ഡോ.കെ.ടി.ജലീൽ<br>ശ്രീ.പുരുഷൻ കടലുണ്ടി<br>പ്രൊഫ.സി.രവീന്ദ്രനാഥ് | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) | ഈ വർഷത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിച്ചെലവ് സംബന്ധിച്ച് വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല സമിതി ഏറ്റവും ഒടുവിൽ വിലയിരുത്തൽ നടത്തിയതിന്റെ വിശദാംശങ്ങൾ നൽകാമോ ; ഏകോപിച്ചതും സമയബന്ധിതവുമായ പ്രവർത്തനത്തിന് പ്രതിബന്ധമായ ഘടകങ്ങൾ എന്തൊക്കെയായിരുന്നു ; | എ) | 13.03.2013-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല സമിതിയുടെ യോഗത്തിൽ ഇതുവരെ സംസ്ഥാന തലത്തിൽ ഗ്രാമ പഞ്ചായത്തുകൾ 36.5 ശതമാനവും, ബ്ലോക്ക് പഞ്ചായത്തുകൾ 56 ശതമാനവും മുനിസിപ്പാലിറ്റികൾ 31 ശതമാനവും കോർപ്പറേഷനുകൾ 17 ശതമാനവും ചെലവ് വരുത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഏകോപിച്ചതും സമയബന്ധിതവുമായ പ്രവർത്തനത്തിന് പ്രതിബന്ധ ഘടകങ്ങളെ കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | പദ്ധതിച്ചെലവ് നിർവ്വഹണത്തിൽ കുറവ് വന്നിട്ടുള്ളതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ നൽകാമോ ; | ബി) | സാമ്പത്തികവർഷം അവസാനിച്ചതിനു ശേഷമേ വിശദാംശങ്ങൾ തയ്യാറാക്കാൻ കഴിയൂ. |
| സി) | പദ്ധതി നിർവ്വഹണത്തിനുള്ള സമയം നീട്ടിക്കൊടുക്കുന്നതിനായുള്ള ആവശ്യങ്ങൾ സർക്കാരിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച തീരുമാനം അറിയിക്കുമോ ? | സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ